റോഡ് ടാർ ചെയ്യുന്ന നടപടി

96 [589] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവാഞ്ചേരി-മുണ്ടയോട് റോഡ് വനം വകുപ്പ് ഫണ്ട് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് എന്നത്തേയ്ക്ക് ഗതാഗത യോഗ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണവം റേഞ്ചിന്റെ അധീനതയിലുള്ള ചെറുവാഞ്ചേരി-മുണ്ടയോട് റോഡ് ടാർ ചെയ്യുന്ന പ്രവൃത്തി 27-10-2004-ൽ ടെണ്ടർ ചെയ്യുകയും കരാറുകാരൻ 25-1-2005-ന് ഉടമ്പടി വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം തന്നെ ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൊന്മുടിയിലെ തേക്ക് പ്ലാന്റേഷനിൽ നിന്നും തടി മുറിച്ചുമാറ്റിയ സംഭവം

97 [590] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്മുടി ഡാമിന്റെ കാച്ച്മെന്റ് ഏരിയയിലെ തേക്ക് പ്ലാന്റേഷനിൽ നിന്നും വ്യാപകമായി തേക്കുതടി മുറിച്ചുമാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ടെന്നും എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റുചെയ്തുവെന്നും വ്യക്തമാക്കാമോ;

(സി) തേക്കുതടി മുറിച്ചു കടത്തിയതിനെത്തുടർന്ന് എത്ര തുകയുടെ നഷ്ടം സർക്കാരിന് ഉണ്ടായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പ്ലാന്റേഷനിൽ ഇപ്പോൾ എത്ര തേക്കുമരങ്ങൾ അവശേഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് 130 കേസ്സുകൾ നിലവിലുണ്ട്. ഇത്രയും കേസ്സുകളിലായി 65 പ്രതികളെ പിടികൂടിയിട്ടുണ്ട്.

(സി) തേക്കുതടി മുറിച്ചു കടത്തിയതിനെത്തുടർന്ന് സർക്കാരിന് 3,53,050 രൂപ (മൂന്നു ലക്ഷത്തി അൻപത്തിമൂവായിരത്തി അൻപത് രൂപ)-യുടെ നഷ്ടം വന്നിട്ടുണ്ട്.

(ഡി) ഈ പ്ലാന്റേഷനിൽ ഇപ്പോൾ 2958 മരങ്ങൾ അവശേഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly